**SY 536**

# ചുവട്
## HSE EXAMINATION, MARCH 2023
## POLITICAL SCIENCE - II

**Time: 2 ½ Hrs**
**Score: 80 Scores**

**From questions 1 to 11 answer for <u>16 scores</u>.**
**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരം എഴുതുക**

1. Find out the leader who played a major role in the integration of princely states
( Nehru, Potti Sriramulu, Sardar Vallabhai Patel, Mahatma Gandhi )

1. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സുപ്രധാന പങ്കുവഹിച്ച നേതാവിനെ കണ്ടെത്തുക
**(നെഹ്റു, പോറ്റി ശ്രീരാമലു, സർദാർ വല്ലഭായി പട്ടേൽ, മഹാത്മാഗാന്ധി)**

**Score 1**

**Ans:** Sardar Vallabhai Patel / സർദാർ വല്ലഭായി പട്ടേൽ

2. Who was the first Chief Election Commission of India?
( Sukumar Sen, DP Mishra, TN Seshan, PD Tandon )

2. ഇന്ത്യയുടെ ആദ്യത്തെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ആരാണ്?
**( സുകുമാർ സെൻ, DP മിശ്ര, TN ശേഷൻ, PD ടണ്ടൻ)**

**Score 1**

**Ans:** Sukumar Sen / സുകുമാർ സെൻ

3. Identify the leader of Bharatiya Jana Sangh?
( AK Gopalan, C Rajagopalachari, Syama Prasad Mukharjee, Jayaprakash Narayan )

3. ഭാരതീയ ജനസംഘിന്റെ നേതാവിനെ കണ്ടെത്തുക

**Score 1**

**(AK ഗോപാലൻ, C രാജഗോപാലാചാരി, ശ്യാമപ്രസാദ് മുഖർജി, ജയപ്രകാശ് നാരായണൻ)**

**Ans:** Syama Prasad Mukharjee / ശ്യാമപ്രസാദ് മുഖർജി

4. Expand the following?
- CTBT (**Ans:** Comprehensive Test Ban Treaty)
- NPT (**Ans:** Nuclear Non Proliferation Treaty)

4. വിപുലീകരിച്ച് എഴുതുക

**Score 2**

- സി.റ്റി.ബി.റ്റി (**Ans:** Comprehensive Test Ban Treaty)
- എൻ.പി.റ്റി (**Ans:** Nuclear Non Proliferation Treaty)

5.

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Non Cogressism<br>കോൺഗ്രസിതരത്വം | Lal Bahadur Sastri<br>ലാൽ ബഹദൂർ ശാസ്ത്രി |
| Jai Jawan Jai Kisan<br>ജയ് ജവാൻ ജയ് കിസാൻ | K Kamaraj<br>കെ കാമരാജ് |

| | |
|---|---|
| Garibi Hatao<br>ഗരീബി ഹഠാവോ | Ram Manohar Lohia<br>റാം മനോഹർ ലോഹ്യ |
| Syndicate<br>സിൻഡിക്കേറ്റ് | Indira Gandhi<br>ഇന്ദിരാഗാന്ധി |

**Ans:**

**Score 4**

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Non Cogressism<br>കോൺഗ്രസിതരത്വം | Ram Manohar Lohia<br>റാം മനോഹർ ലോഹ്യ |
| Jai Jawan Jai Kisan<br>ജയ് ജവാൻ ജയ് കിസാൻ | Lal Bahadur Sastri<br>ലാൽ ബഹദൂർ ശാസ്ത്രി |
| Garibi Hatao<br>ഗരീബി ഹഠാവോ | Indira Gandhi<br>ഇന്ദിരാഗാന്ധി |
| Syndicate<br>സിൻഡിക്കേറ്റ് | K Kamaraj<br>കെ കാമരാജ് |

6. The Commission appointed in 1977 by Janata Government to inquire into the excesses committed during emergency?
( Shah Commission, Sarkaria Commission, Mandal Commission )

6. **അടിയന്തരാവസ്ഥ കാലത്ത് നടന്ന അതിക്രമങ്ങളെ കുറിച്ച് അന്വേഷിക്കുവാൻ ജനതാ പാർട്ടി ഗവൺമെന്റ് 1977ൽ നിയമിച്ച കമ്മീഷൻ?**
**(ഷാ കമ്മീഷൻ, സർക്കാരിയ കമ്മീഷൻ, മണ്ഡൽ കമ്മീഷൻ)**

**Score 1**

**Ans:** Shah Commission / **ഷാ കമ്മീഷൻ**

7. The Punjab accord was signed by ------------ and ---------

- Rajive Gnadhi and Harchand Singh Longowal
- Indira Gandhi and Angami Zaper Phizo
- Rajive Gandhi and Laldenga

**Score 2**

7. പഞ്ചാബ് കരാർ ഒപ്പുവെച്ചത് ------------- ഉം ------------ ഉം ചേർന്നാണ്?

- രാജീവ് ഗാന്ധിയും ഹർചന്ദ് സിങ് ലംഗോവാളും
- ഇന്ദിരാഗാന്ധിയും അൻഗമി സപർ ഫിസോയും
- രാജീവ് ഗാന്ധിയും ലാൽഡെങ്കയും

**Ans:** Rajive Gnadhi and Harchand Singh Longowal
രാജീവ് ഗാന്ധിയും ഹർചന്ദ് സിങ് ലംഗോവാളും

8. Properly arrange the listed facts on Bharatiya Kisan Union and Anti Arrack Movement in the table given below.
ഭാരതീയ കിസാൻ യൂണിയന്റെയും ചാരായ വിരുദ്ധ പ്രസ്ഥാനത്തിന്റെയും ചില വസ്തുതകളാണ് ചുവടെ ചേർത്തിരിക്കുന്നത് അവയെ താഴെ തന്നിരിക്കുന്ന പട്ടികയിൽ ശരിയായി ക്രമപ്പെടുത്തുക

**Score 3**

- Focused on sexual violence against women.
- സ്ത്രീകൾക്കെതിരെ നടക്കുന്ന ലൈംഗിക അതിക്രമങ്ങൾ ഉയർത്തിക്കാട്ടി
- Most of the members belonged to a single community
- അംഗങ്ങളിൽ ഭൂരിഭാഗവും ഒരേ സമുദായത്തിൽ പെട്ടവരായിരുന്നു
- Western UP and Haryana
- പശ്ചിമ യുപിയിലും ഹരിയാനയിലും
- Against domestic violence
- ഗാർഹിക പീഡനങ്ങൾക്കെതിരെ പ്രവർത്തിച്ചു
- Guaranteed supply of electricity at reasonable rate
- വൈദ്യുതി ന്യായമായ നിരക്കിൽ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തി
- Adult literacy drive
- വയോജന വിദ്യാഭ്യാസ യജ്ഞം

| Anti Arrack Movement<br>ചാരായ വിരുദ്ധപ്രസ്ഥാനം | Bharatiya Kisan Union<br>ഭാരതീയ കിസാൻ യൂണിയൻ |
|---|---|
| • Focused on sexual violence against women.<br>• സ്ത്രീകൾക്കെതിരെ നടക്കുന്ന ലൈംഗിക അതിക്രമങ്ങൾ ഉയർത്തിക്കാട്ടി | • Most of the members belonged to a single community<br>• അംഗങ്ങളിൽ ഭൂരിഭാഗവും ഒരേ സമുദായത്തിൽ പെട്ടവരായിരുന്നു |
| • Against domestic violence<br>• ഗാർഹിക പീഡനങ്ങൾക്കെതിരെ പ്രവർത്തിച്ചു | • Western UP and Haryana<br>• പശ്ചിമ യുപിയിലും ഹരിയാനയിലും |
| • Adult literacy drive<br>• വയോജന വിദ്യാഭ്യാസ യജ്ഞം | • Guaranteed supply of electricity at reasonable rate<br>• വൈദ്യുതി ന്യായമായ നിരക്കിൽ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തി |

9. Name the first Secretary General of UNO?

. **ഐക്യരാഷ്ട്ര സംഘടനയുടെ ആദ്യത്തെ സെക്രട്ടറി ജനറലിന്റെ പേര് എഴുതുക?**

Ans: Trygve Lie / ട്രിഗ്വേലി

10. Which country adopted 'Open Door Policy"?

**തുറന്ന വാതിൽ നയം നടപ്പിലാക്കിയ രാജ്യം ഏത്?**

Ans: China / ചൈന

11. Categorize the following countries to members of European Union and ASEAN:
താഴെ കൊടുത്തിരിക്കുന്ന രാജ്യങ്ങളെ യൂറോപ്പ്യൻ യൂണിയൻ അംഗങ്ങൾ എന്നും ആസിയാൻ അംഗങ്ങൾ എന്നും തരംതിരിക്കുക

(Fance, Cambodia, Spain, Germany, Vietnam, Malaysia)
(ഫ്രാൻസ്, കമ്പോഡിയ, സ്പെയിൻ, ജർമ്മനി, വിയറ്റ്നാം, മലേഷ്യ )

| European Union<br>യൂറോപ്പ്യൻ യൂണിയൻ | ASEAN<br>ആസിയാൻ |
|---|---|
| Fance<br>ഫ്രാൻസ് | Cambodia<br>കമ്പോഡിയ |
| Spai<br>സ്പെയിൻ | Vietnam<br>വിയറ്റ്നാം |
| Germany<br>ജർമ്മനി | Malaysia<br>മലേഷ്യ |

**Score 3**

**Answer any 4 questions from 12 to 16. Each carries 3 scores.**

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**3 സ്കോർ വീതം.**

12. Write any 3 objectives of Jawaharlal Nehru's Foreign policy?
ജവഹർലാൽ നെഹ്റുവിന്റെ വിദേശനയത്തിന്റെ 3 ലക്ഷ്യങ്ങൾ എഴുതുക?

**Basic Principles of Nehruvian Foreign policy**

= To preserve the hard earned sovereignty.
= To protect territorial integrity.
= To promote rapid economic development.

നെഹ്റുവിന്റെ വിദേശ നയത്തിന്റെ അടിസ്ഥാന തത്വങ്ങൾ

= കഠിനാധ്വാനത്തിലൂടെ നേടിയെടുത്ത പരമാധികാരം സംരക്ഷിക്കുക.
= ഭൂപരമായ ഐക്യം കാത്തു സൂക്ഷിക്കുക.
= സത്വര സാമ്പത്തിക വികസനം സാധിക്കുക.

13. What were the main factors responsible for the dominance of Congress Party in the first three general elections?
ആദ്യത്തെ മൂന്ന് പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർട്ടിക്ക് ആധിപത്യം നേടാൻ സഹായിച്ച ഘടകങ്ങൾ ഏതൊക്കെയായിരുന്നു?

**REASONS FOR CONGRESS DOMINATION**

= Legacy of the congress in the freedom struggle

= Charismatic Leadership of Nehru

= Strong organizational structure.

= Nationwide political party.

= Absence of strong opposition parties

= Ability to accommodate different factions and Interest. Ie. Coalition Character.

= Advantages of Relative Majority System.

**കാരണങ്ങൾ**

= സ്വാതന്ത്ര്യ സമരത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പങ്ക്.

= നെഹ്റുവിന്റെ നേതൃത്വം.

= രാജ്യത്താകെ വേരുകളുള്ള പാർട്ടി.

= കോൺഗ്രസിന്റെ പാർട്ടി കെട്ടുറപ്പ്

= കെട്ടുറപ്പുള്ള മറ്റു പാർട്ടികളുടെ അഭാവം.

= എല്ലാ വിഭാഗം ജനങ്ങളേയും ഉൾകൊള്ളാനുള്ള ശേഷി.

= കേവല ഭൂരിപക്ഷം സമ്പ്രദായത്തിന്റെ ആനുകൂല്യം.

14. Briefly explain the consequences of Shock Therapy?
ഷോക്ക് തെറാപ്പിയുടെ പ്രത്യാഘാതങ്ങൾ ചുരുക്കി വിവരിക്കുക?

**SHOCK THERAPY - CONSEQUENCES**

State controlled industrial Complex collapsed

90% of the State Controlled industries were sold. ‘Largest Garage Sale in History’

| |
|---|
| The value of the Russian Ruble fell miserably low |
| Inflation skyrocketed, GDP declined & People lost their savings. |
| Collective farming gave way to private farming |
| Withdrawal of Govt. subsidies pushed the people into poverty |
| Destroyed Social Welfare System |
| The Academic and Intellectual manpower migrated |
| Privatization led to economic disparities. |
| Influence of IMF & World bank increased |

| |
|---|
| റഷ്യയുടെ വൻകിട വ്യവസായ സ്ഥാപനങ്ങൾ തകർന്നടിഞ്ഞു. |
| ചരിത്രത്തിലെ ഏറ്റവും വലിയ പാഴ് വസ്തു വില്പന. |
| റൂബിളിന്റെ മൂല്യം ഇടിഞ്ഞു. |
| റഷ്യയുടെ വ്യാപാര സംവിധാനമാകെ തകർന്നു. |
| കൂട്ട് കൃഷി സംവിധാനം അവസാനിച്ചു. |
| സർക്കാർ സബ്സിഡി പിൻവലിച്ചു. |
| സാമൂഹ്യ ക്ഷേമ സംവിധാനമാകെ നശിപ്പിച്ചു. |
| പണ്ഡിതരും ബുദ്ധി ജീവികളും അന്യ രാജ്യങ്ങളിലേക്ക് കുടിയേറി. |
| സാമ്പത്തിക അസമത്വം വർധിച്ചു. |
| ഐ.എം.എഫ് ന്റെയും ലോക ബാങ്കിന്റെയും സ്വാധീനം വർദ്ധിച്ചു. |

15. Prepare a short note on the concept of 'Common but differentiated responsibility'?
**പൊതുവായതും എന്നാൽ വ്യത്യസ്തമായ ഉത്തരവാദിത്വം എന്ന ആശയത്തെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക?**

### Common but Differentiated Responsibility

- Developed countries are responsible for the damage and degradation to the environment
- The developing countries are in the process of industrialization. They cannot be forced to impose restriction like others.
- Environment law should be take into account the needs of developing countries, before imposing control.

### പൊതുവായ ഉത്തരവാദിത്വം വ്യത്യസ്ത തോതിൽ

- ഇന്നത്തെ പരിസ്ഥിതി ശോഷണത്തിന്റെ കാരണം വ്യവസായിക രാജ്യങ്ങളുടെ വികസന രീതികൾ മൂലം ഉണ്ടായതാണ്.
- പാരിസ്ഥിതിക ശോഷണത്തിനു വികസിത രാജ്യങ്ങൾക്കാണ് കൂടുതൽ ഉത്തരവാദിത്വം, അതിനുള്ള പരിഹാരത്തിനും കൂടുതൽ ഉത്തരവാദിത്വം വികസിത രാജ്യങ്ങൾക്ക് തന്നെയാണ്.
- വികസ്വര രാജ്യങ്ങൾ വ്യവസായ വൽക്കരണത്തിന്റെ പാതയിൽ എത്തിയിട്ടേയുള്ളൂ. അതു കൊണ്ട് വികസിത രാജ്യങ്ങൾക്കുള്ള അതേ നിയന്ത്രണം വികസ്വര രാജ്യങ്ങൾക്കുമേൽ ഏർപ്പെടുത്താൻ പാടില്ല.

16. What are the three components of India’s security strategy?
**ഇന്ത്യയുടെ സുരക്ഷാ തന്ത്രങ്ങളുടെ മൂന്നു പ്രധാന ഘടകങ്ങൾ ഏതെല്ലാം?**

**Strengthening the Military Capabilities**

India conducted nuclear tests in 1974 &1990 to safeguard national security

**Strengthening International Norms and Institutions**

India supported Afro-Asian solidarity, Disarmament, decolonization & faith in UNO

**Ensuring development and wellbeing**

India develops the way to lift vast mass of citizen out of poverty, misery and huge economic inequalities

**Preserve Unity through democratic political system**

India make efforts to preserve national unity by adopting a democratic political system by providing freedom of speech and expression along with the right to vote

## ഇന്ത്യയുടെ സുരക്ഷാ തന്ത്രങ്ങൾ

### സൈനിക ശേഷി വർധിപ്പിക്കുക

ദേശീയ സുരക്ഷിതത്വത്തിന് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ 1974 ലും 1990 ലും ഇന്ത്യ ആണവായുധ പരീക്ഷണം നടത്തി.

### അന്താരാഷ്ട്ര സംഘടനകളെ ശക്തിപ്പെടുത്തുക

നീതിനിഷ്ഠമായ അന്താരാഷ്ട്ര സംഘടനകൾ രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തെ വർദ്ധിപ്പിക്കുമെന്ന് ഇന്ത്യ കരുതുന്നു. ഇന്ത്യയുടെ സുരക്ഷിതത്വ താൽപര്യങ്ങൾ സംരക്ഷിക്കാൻ അന്താരാഷ്ട്ര സംഘടനകളെ ശക്തിപ്പെടുത്തൽ അത്യാവശ്യമാണെന്ന് ഇന്ത്യ കരുതുന്നു.

### സാമ്പത്തിക വികസനം സാധ്യമാക്കുക

സാമ്പത്തിക വളർച്ചയും മാനവിക വികസനവും സുരക്ഷിതത്വത്തിനുള്ള മാർഗം കൂടിയാണ്. ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്നും ദുരിതങ്ങളിൽ നിന്നും കരകയറ്റാനും സാമ്പത്തിക സമത്വം ഇല്ലാതാക്കാനും പറ്റിയ വിധത്തിൽ സാമ്പത്തിക വികസനം സാധ്യമാക്കാനുള്ള ശ്രമം ഇന്ത്യ നടത്തിവരുന്നു.

### ജനാധിപത്യ രാഷ്ട്രീയ സംവിധാനം ഇന്ത്യയിൽ ശക്തിപ്പെടുത്തുക

ജനാധിപത്യപരമായ ഒരു രാഷ്ട്രീയ സംവിധാനം നടപ്പാക്കിക്കൊണ്ട് ഇന്ത്യ ദേശീയ ഐക്യം കാത്തു രക്ഷിച്ചു വരുന്നു. ജനാധിപത്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് രാജ്യത്തിനകത്ത് സുരക്ഷിതത്വ വെല്ലുവിളികളെ നേരിടുക എന്നതാണ് ഇന്ത്യയുടെ തന്ത്രം.

**Answer any 4 questions from 17 to 21. Each carries 4 scores.**

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം**

17. Towards the end of 1980's five major developments occurred which brought long lasting impact on Indian Politics. Explain those developments?

**1980കളുടെ അവസാനത്തോടെ ഇന്ത്യൻ രാഷ്ട്രീയം ദൂര വ്യാപകങ്ങളായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച അഞ്ച് സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിച്ചു ആ സംഭവവികാസങ്ങൾ വിശദീകരിക്കുക?**

**5** → **DEVELOPMENTS**

### End of Congress System

The election in 1989 marked as the end of what is called the 'Congress System'. That means Congress lost its centrality with 1989 elections. Defeat of the Congress in 1989 led to the era of Multy-Party system. It led to the coalition government also when regional parties played a crucial role in forming ruling alliance.

## Mandal Issue

The Janatha government appointed second backward commission under the chairmanship of BP Mandal. In 1990 BP Singh Govt. decided to implement the recommendations of the Mandal Commission. The commission recommended

1. Identified the backwardness among various sections of society.
2. Reservation 27% seats in educational institution and government jobs for backward classes.
3. It recommended land reforms to improve the condition of OBC
4. Commission made recommendation in economic and occupational structures.

Violent anti Mandal protests broke out in different parts of the country.

## New Economic Policy

Prime Minister P.V Narasimha Rao in 1991 started new economic reforms to change the direction of Indian economic policy. (Liberalization, Privatization & Globalization).

1. India's New Economic Policy was launched by the then Finance Minister Dr. Manmohan Singh.
2. It radically changed the direction that Indian Economy had pursued since independence towards liberalized and open economy.

## Demolition of Babri Masjid

The disputed structures at Ayodhya – the Babri Masjid was demolished in December 1992. The demolition marked many changes in Indian politics.

**After demolition**,

1. The BJP state Government was dismissed.
2. Other states where the BJP was in power were also put under President's rule.
3. A case against Chief Minister of UP was registered in Supreme Court.

**Debate over secularism**,

1. Most of the political parties condemned the demolition and declared it to be against secularism
2. A debate took place about using religious sentiments for electoral purposes.

## Assassination of Rajive Gandhi

Congress leadership changed with the assassination of Rajive Gandhi in 1991. The change in leadership of the Congress marked various change in Indian politics.

# 5

## സംഭവ വികാസങ്ങൾ

### 1989 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ പരാജയം

1989 ലെ തെരഞ്ഞെടുപ്പ് പരാജയത്തോടെ കോൺഗ്രസ്സിന് ഇന്ത്യൻ രാഷ്ട്രീയത്തിലെ ആധിപത്യം നഷ്ടപ്പെട്ടു. തുടർന്ന് ഇന്ത്യയിൽ മുന്നണി വ്യവസ്ഥയുടെ കാലഘട്ടമാരംഭിച്ചു. 1989 തെരഞ്ഞെടുപ്പിലെ പരാജയം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ പ്രാധാന്യം നഷ്ടമാവാൻ തുടങ്ങി. കോൺഗ്രസിന്റെ പരാജയം ബഹുകക്ഷി സമ്പ്രദായത്തിലേക്ക് ഇന്ത്യൻ രാഷ്ട്രീയം മാറി. മുന്നണി രൂപീകരണത്തിലും സർക്കാർ രൂപീകരണത്തിലും പ്രാദേശിക കക്ഷികൾക്ക്

### മണ്ഡൽ പ്രശ്നം

1989 ൽ ദേശീയ മുന്നണി സർക്കാർ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ശിപാർശ ചെയ്യുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധങ്ങളും അക്രമങ്ങളും അരങ്ങേറി. ജനങ്ങൾക്കിടയിലെ പിന്നോക്കാവസ്ഥയുടെ വ്യാപ്തി, പിന്നോക്കാവസ്ഥ ഇല്ലാതാക്കുന്നതിനുള്ള മാർഗങ്ങൾ, എന്നിവ കണ്ടെത്താനാണ് കമ്മീഷൻ രൂപീകരിച്ചത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികളിലും പിന്നോക്കക്കാർ വളരെ കുറവാണെന്ന് കമ്മീഷൻ കണ്ടെത്തി.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികൾക്കും ഒബിസി കാർക്ക് 27 ശതമാനം സംവരണം കമ്മീഷൻ ശുപാർശ ചെയ്തു.
- പിന്നോക്ക വിഭാഗം വിഭാഗങ്ങളുടെ സാഹചര്യം മാറ്റിയെടുക്കുന്നതിന് ഭൂപരിഷ്കരണം പോലെയുള്ള ആവശ്യമായ നടപടികൾ നിർദ്ദേശിച്ചു.

### പുത്തൻ സാമ്പത്തിക നയം

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ദിശ മാറ്റാൻ 1991 ൽ പ്രധാനമന്ത്രി പി.വി നരസിംഹ റാവു പുതിയ സാമ്പത്തിക പരിഷ്കരണത്തിന് തുടക്കം കുറിച്ചു. ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും ഇക്കാലത്താണ് തുടക്കം കുറിച്ചത്. ധനകാര്യ മന്ത്രിയായിരുന്ന മൻമോഹൻസിംഗിന്റെ കാലഘട്ടത്താണ് പുത്ത സാമ്പത്തിക നയത്തിന് തുടക്കമായത്. ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ സമൂലമായ മാറ്റത്തിന് ഇത് കാരണമാവുകയും സ്വാതന്ത്ര്യലബ്ദിക്ക് ശേഷം കൂടുതൽ ഉദാരവൽക്കരണ, ആഗോളവൽക്കരണ പ്രക്രിയകളിലേക്ക് കടക്കുന്നതിനും സമ്പത്ത് വ്യവസ്ഥക്ക് സാധിച്ചു.

## ബാബറി മസ്ജിദ് പൊളിച്ചു

അയോധ്യയിലെ വിവാദ മന്ദിരമായ ബാബറി മസ്ജിദ് 1992 ൽ പൊളിച്ചു. മന്ദിരം പൊളിച്ചത് ഇന്ത്യൻ രാഷ്ട്രീയത്തിൽ വിവിധ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

<u>പൊളിച്ചു മാറ്റലിന് ശേഷം</u>

1. രാജ്യത്തിന്റെ പലഭാഗത്തും ഹിന്ദു മുസ്ലിം ലഹള പൊട്ടിപ്പുറപ്പെട്ടു.
2. സംസ്ഥാനത്തിൽ ഭരണത്തിൽ ഉണ്ടായിരുന്ന ബിജെപി സർക്കാരിനെ പുറത്താക്കി.
3. ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കെതിരെ കോടതിയെ ലക്ഷ്യത്തിന് സുപ്രീംകോടതി കേസെടുത്തു.
4. ബിജെപി അധികാരത്തിൽ ഉണ്ടായിരുന്ന മറ്റു സംസ്ഥാനങ്ങളിലും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി.
5. കോടതിയെ ധിക്കരിച്ചതിന് ഉത്തർപ്രദേശ് മുഖ്യമന്ത്രിയെ സുപ്രീംകോടതി അതിനിശിതമായി വിമർശിച്ചു.

## രാജീവ് ഗാന്ധി വധം

1991 ൽ രാജീവ് ഗാന്ധി വധിക്കപ്പെട്ടതോടെ കോൺഗ്രസ് നേതൃത്വത്തിൽ മാറ്റങ്ങൾ വന്നു. തുടർന്ന് കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് പ്രകടനത്തിൽ മാറ്റം ഉണ്ടായി.

18. Bring out major differences in the objectives of First and second five year plan?
**ഒന്നാം പഞ്ചവത്സര പദ്ധതിയുടെയും രണ്ടാം പഞ്ചവത്സര പദ്ധതിയുടെയും പ്രധാന ലക്ഷ്യങ്ങളിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക?**

| **FIRST FIVE YEAR PLAN** | **SECOND FIVE YEAR PLAN** |
|---|---|
| 1951-56 | 1956-61 |
| Plan drafted by KN Raj | Plan drafted by PC Mahalanobis |
| Known as Agricultural Plan | Known as Industrial Plan |
| Hasten Slowly | Rapid Growth |
| Given priority to agriculture | Given Priority to Heavy Industries |
| Bhakranakal, Hirakud dams were constructed during this plan | Huge amounts were allocated in the sectors like Electricity, Iron & steel, Refineries, Railway |

| <u>ഒന്നാം പഞ്ചവത്സര പദ്ധതി</u> | <u>രണ്ടാം പഞ്ചവത്സര പദ്ധതി</u> |
|---|---|
| **1951-56** | **1956-61** |
| പദ്ധതി തയാറാക്കിയത് കെ.എൻ രാജ് | പി.സി മഹലാനോബിസ് ആണ് പ്ലാൻ തയാറാക്കിയത് |
| കാർഷിക പ്ലാൻ എന്നറിയപ്പെടുന്നു | വ്യവസായിക പ്ലാൻ എന്നറിയപ്പെടുന്നു |
| പതുക്കെ മുന്നേറുക | ത്വരിത ഗതിയിലുള്ള വളർച്ച |
| കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി | ഘന വ്യവസായങ്ങൾക്ക് ഊന്നൽ നൽകി |
| ഭക്രാനങ്കൽ, ഹിരാകുഡ് പോലെയുള്ള വലിയ അണക്കെട്ടുകൾ ഇക്കാലത്ത് നിർമ്മാണം തുടങ്ങി. | വൈദ്യുതി, റയിൽവെ, ഉരുക്ക് നിർമ്മാണം തുടങ്ങിയ മേഖലകളിൽ വലിയ മുതൽ മുടക്ക് നടത്തി |

19. Write a note on Chipko Movement?
**ചിപ്കോ പ്രസ്ഥാനത്തെക്കുറിച്ച് ഒരു ചെറു വിവരണം തയ്യാറാക്കുക?**

| | |
|---|---|
| **Chipko Movement** | • Chipko movement was started in Utharkand<br>• Movement was started initially against Deforestation<br>• Villagers protested against the practice of logging to be permitted by the govt.<br>• Villagers used a novel tactics to hug the tress to protect them from being cut down.<br>• Leaders like Chandi Prasad Bhatt, Sunder Lal Bahuguna led the movement<br>• Active participation of women was also a very novel aspect of this movement.<br>• People argued that local people should have the control of natural resources like Land, Water and Forests.<br>• The movement took up the issue of Land less forest workers and for minimum wag**e.** |

| | |
|---|---|
| **Chipko Movement**<br><br>ചിപ്കോ പ്രസ്ഥാനം | • ഉത്തരാഖണ്ഡിലാണ് ചിപ്കോ പ്രസ്ഥാനം ആരംഭിച്ചത്.<br>• വന നശീകരണത്തിനെതിരായിട്ടാണ് പ്രക്ഷോഭം തുടങ്ങിയത്.<br>• കർഷകർക്ക് കാർഷികോപകരണങ്ങൾ ഉണ്ടാക്കുന്നതിന് മരം മുറിക്കാൻ വനംവകുപ്പ് അനുമതി നൽകിയില്ല.<br>• അതേസമയം സ്പോർട്സ് ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു കമ്പനിക്ക് മരം മുറിക്കാൻ വനംവകുപ്പ് അനുമതി നൽകുകയും ചെയ്തു.<br>• ഭൂമി, വെള്ളം, വനം എന്നിവയിൽ തദ്ദേശീയർക്ക് പൂർണ്ണ നിയന്ത്രണാധികാരം ഉണ്ടാവണമെന്ന് അവർ വാദിച്ചു.<br>• പ്രക്ഷോഭത്തിന് ചാന്ദി പ്രസാദ് ഭട്ട്, സുന്ദർലാൽ ബഹുഗുണ എന്നിവർ നേതൃത്വം നൽകി.<br>• മരങ്ങൾ മുറിക്കുന്നത് തടയാൻ മരങ്ങളെ കെട്ടിപ്പിടിച്ചുള്ള പുതിയ രീതിയിലുള്ള പ്രതിഷേധ മാർഗ്ഗമാണ് സ്വീകരിച്ചത്.<br>• ഈ പ്രസ്ഥാനം ഇന്ത്യയുടെ നാനാഭാഗങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്കെതിരായ പ്രക്ഷോഭണങ്ങളായി വികസിച്ചു. |

20. India is emerging as a great power in the International politics. Explain India's claims for permanent membership in UN Security Council?

**അന്തർദേശീയ രാഷ്ട്രീയത്തിൽ ഇന്ത്യ ഒരു പ്രബല ശക്തിയായി ഉയർന്നുവരുന്നു ഐക്യരാഷ്ട്ര സംഘടനയിലെ സുരക്ഷാസമിതിയിൽ സ്ഥിര അംഗത്വത്തിനുള്ള ഇന്ത്യയുടെ അവകാശവാദങ്ങൾ വിശദമാക്കുക?**

**PERMANENT MEMBERSHIP:**
**INDIA'S CLAIMS**

- Fastest growing economy
- A major military power.
- A substantial contributor to the UN budget.
- A big nation in terms of population.
- Largest democratic country & Value to human right.
- Diversity in terms of geography, economic system and culture.
- India has actively participated in all UN initiatives

**സ്ഥിരാംഗത്വം:**
**ഇന്ത്യയുടെ അവകാശവാദങ്ങൾ**

- വളർന്നു കൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥ.
- പ്രാധാനപ്പെട്ട സൈനിക ശക്തി.
- യു എൻ ബഡ്ജറ്റിലേക്ക് വലിയ വിഹിതം നൽകുന്ന രാജ്യം.
- ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത്.
- ജാനാധിപത്യത്തെയും മനുഷ്യാവകാശങ്ങളെയും മാനിക്കുന്ന രാജ്യം.
- ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും വൈവിദ്ധ്യമുള്ള രാജ്യം.

21. Examine the role and limitation of SAARC as a forum for facilitating cooperation among the South Asian Countries?
**തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം പരിപോഷിപ്പിക്കുന്ന സംഘടന എന്ന നിലയിൽ സാർക്ക് വഹിക്കുന്ന പങ്കും അതിന്റെ പരിമിതികളും പരിശോധിക്കുക?**

**SAARC – South Asian Association for Regional Cooperation**

- Is an initiative among South Asian states to involve cooperation
- It consists of eight members to encourage mutual harmony and understanding
- SAARC has initiated SAFTA for whole South Asia for collective economic security.
- SAARC has projected on economic development of its member states.

**Limitations**

- Bilateral issues as Kashmir problem between India and Pakistan
- Some neighbors of India feared that India intends to dominate them
- SAARC members are developing or least developing countries.

**SAARC – South Asian Association for Regional Cooperation**

- നിലവിൽ 8 രാജ്യങ്ങളാണ് സാർക്കിൽ അംഗമായിട്ടുള്ളത്.
- സാർക്ക് സംഘടന ബഹു രാഷ്ട്ര സഹകരണത്തിനുള്ള പ്രധാനപ്പെട്ട ഒരു ശ്രമമാണ്.
- ദക്ഷിണേഷ്യക്കാകെ ഒരു സ്വതന്ത്ര വ്യാപാര മേഖല ഉണ്ടാക്കാനുള്ള ഒരു കരാറിൽ (SAFTA) ഈ രാജ്യങ്ങൾ ഒപ്പുവച്ചിട്ടുണ്ട്.
- ദക്ഷിണേഷ്യൻ രാജ്യങ്ങളെ വികസിത രാജ്യങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് സാർക്ക് ഊന്നൽ നൽകുന്നു
- സാർക്ക് ഒപ്പുവെച്ച SAFTA സംഘടനയുടെ മികച്ച സംഭാവനയായി കരുതപ്പെടുന്നു.

**പരിമിതികൾ**

- ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള തർക്കങ്ങൾ ഇതിന്റെ വളർച്ചക്ക് തടസ്സമാവുന്നു.
- ഇന്ത്യ ദക്ഷിണേഷ്യൻ മേഖലയിൽ ആധിപത്യം പുലർത്താൻ സാധ്യതയുണ്ടെന്ന് അയൽരാജ്യങ്ങൾ സംശയിക്കുന്നു.
- സാർക്കിലെ അംഗരാജ്യങ്ങളെല്ലാം വികസ്വര രാഷ്ട്രങ്ങളോ അവികസിത രാഷ്ട്രങ്ങളോ ആണ്.

**Answer any 4 questions from 22 to 26. Each carries 5 scores.**

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം**

22. What is Green Revolution? Explain its consequences?
ഹരിതവിപ്ലവം എന്താണെന്നും അതിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കുക?

| GREEN REVOLUTION |
|---|
| Land Reforms – Land were given to Tenants who worked on other's land |
| Better irrigation facilities were introduced |
| Introduced High Yielding Verity Seeds |
| Fertilizers and Pesticides were also introduced |
| The Govt. declared support price to farmers |
| Provision for Agricultural Loans, Free Electricity introduced |
| Encouraged mechanization in agriculture |

| POSITIVE EFFECTS OF GREEN REVOLUTION |
|---|
| Ensure food Sufficiency – Increased food production |
| Introduced High Yielding Variety Seeds |

| |
|---|
| Introduced scientific irrigation facilities |
| Govt. introduced floor prices |
| Introduced Land reforms – Abolished Zemindari System |
| Emerged a Middle Class Peasant Section |

## NEGATIVE EFFECTS OF GREEN REVOLUTION

| |
|---|
| The beneficiaries of the schemes were rich farmers and Land lords |
| Ignored other sectors of economy |
| This led to Polarization. Punjab, Haryana, Western Utter Pradesh became prosperous |
| Increased the contrast between the poor peasants and the prosperous land lords |
| Excessive use of fertilizers and pesticides spoiled the land – Ecological Degradation |

## ഹരിത വിപ്ലവം

| |
|---|
| ഭൂപരിഷ്കരണ നിയമം മൂലം കർഷകർക്ക് ഭൂമി ലഭിച്ചു |
| ജലസേചന സൗകര്യങ്ങൾ വിപുലപ്പെടുത്തി |
| അത്യുല്പാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിച്ചെടുത്തു |
| രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കൊണ്ടു വന്നു |
| കാർഷിക വിളകൾക്ക് താങ്ങു വില പ്രഖ്യാപിച്ചു |
| കാർഷിക വായിപ, സൗജന്യ വൈദ്യുതി, തുടങ്ങിയവ അനുവദിച്ചു |
| കൃഷി രംഗത്ത് യന്ത്രവത്കരണത്തെ പ്രോത്സാഹിപ്പിച്ചു |

| ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങൾ |
|---|
| ഭക്ഷ്യ സുരക്ഷ കൈവരിച്ചു. ഭക്ഷ്യോൽപാദനം കൂടി |
| അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ പരിചയപ്പെടുത്തി |

| |
|---|
| ശാസ്ത്രീയ ജലസേചന സൗകര്യങ്ങൾ കൊണ്ടുവന്നു |
| ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ചു |
| ഭൂപരിഷ്കരണ നിയമം പാസാക്കി ജമീന്ദാരി സമ്പ്രദായം അവസാനിപ്പിച്ചു |
| സമൂഹത്തിൽ കർഷകരുടെ ഒരു മധ്യവർഗ്ഗം രൂപപ്പെട്ടു |

## ഹരിത വിപ്ലവത്തിന്റെ പ്രത്യാഘാതങ്ങൾ

ഇതിന്റെ ഗുണം ലഭിച്ചത് ജന്മിമാർക്കും സമ്പന്ന കർഷകർക്കുമാണ്.

കാർഷികേതര മേഖലകൾ അവഗണിക്കപെട്ടു.

ഇന്ത്യയിൽ പഞ്ചാബ് ഹരിയാന പടിഞ്ഞാറൻ യു പി തുടങ്ങിയ പ്രദേശങ്ങളിൽ മാത്രമേ സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞുള്ളൂ.

ജന്മിമാർ അതി സമ്പന്നർ ആയപ്പോൾ സാധാരണ കർഷകർ ദാരിദ്രർ ആയി തുടർന്നു.

രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത പ്രയോഗം പരിസ്ഥിതി മലിനീകരണത്തിന് കാരണമായി.

23. Kashmir issue is not just a dispute between Inida and Pakistan. It has also internal and external dimensions. Discuss the statement.
**കാശ്മീർ പ്രശ്നം കേവലം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു തർക്കമല്ല അതിൽ ആഭ്യന്തരവും ബാഹ്യവുമായ തലങ്ങളുണ്ട് ഈ പ്രസ്താവന ചർച്ച ചെയ്യുക**

**External Disputes about Kashmir**

- India’s firm stand is Kashmir is the integral part of India.
- Pakistan claimed that Kashmir belonged to them.
- Some region of the Kashmir illegally occupied by China with the help of Pakistan.

**Internal Disputes**

- One group demanded separate Kashmiri Nation.
- Another group wanted to merge with Pakistan.
- Third group wanted more autonomy but within the Indian Union

## ASPIRATIONS OF JAMMU & KASHMIR

Kashmiris were promised to make accession on reference of the people.

Hence it generated the demand for ‘**Plebiscite’**

The autonomy under Art 370 has been eroding practically which led the demand of ‘**Greater State Autonomy’.**

**Democracy**, which is practiced in rest of India, has not been institutionalized in Jammu & Kashmir.

### കാശ്മീർ: ബാഹ്യ തർക്കങ്ങൾ

- കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ പ്രദേശമാണെന്ന് ഇന്ത്യയുടെ ഉറച്ച നിലപാട്
- കാശ്മീർ തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് പാകിസ്ഥാൻ വാദിക്കുന്നുണ്ട്
- കശ്മീരിന്റെ ചില പ്രദേശങ്ങൾ പാക് സഹായത്തോടെ ചൈന കൈവശപ്പെടുത്തിയിട്ടുണ്ട്

### കാശ്മീർ: ആന്തരിക തർക്കങ്ങൾ

- പാകിസ്ഥാൻ ഒരു സ്വാതന്ത്ര പരമാധികാര രാജ്യമാവണമെന്ന് ചില വിഘടനവാദികൾ ആവശ്യപ്പെടുന്നു
- മറ്റൊരു വിഭാഗം പാകിസ്ഥാനിൽ ലയിക്കണമെന്ന് ആവശ്യപ്പെടുന്നു
- ചിലർ ഇന്ത്യൻ യൂണിയനിൽ തുടരണമെന്നും കൂടുതൽ സ്വയം ഭരണാവകാശം ആവശ്യപ്പെടുകയും ചെയ്യുന്നു

### കാശ്മീരിലെ അഭിലാഷങ്ങൾ

വാഗ്ദാനം ചെയ്യപ്പെട്ട ‘ജനഹിത പരിശോധന’ നടത്തണമെന്ന ആവശ്യം കാശ്മീരിൽ

ആർട്ടിക്കിൾ 370 പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള സ്വയം ഭരണാധികാരം ഫലത്തിൽ സംസ്ഥാനത്തിന് അധികാരം ഒന്നും ലഭിക്കുന്നില്ല എന്നും, അതു തിരുത്തി സംസ്ഥാനത്തിന് കൂടുതൽ അധികാരം നൽകണമെന്ന് അവർ ആവശ്യപ്പെടുന്നു.

ജമ്മു കാശ്മീരിൽ നിലവിലുള്ള ജനാധിപത്യം മറ്റു സംസ്ഥാനങ്ങളിലെ ജനാധിപത്യത്തിൽ നിന്ന് വ്യത്യസ്തമാണ്. ഇത് മറ്റൊരു തർക്ക വിഷയമാണ്.

24. The American Hegemony hs military, economic and cultural dimensions. Describe three different aspects of US Hegemony?

**അമേരിക്കൻ ആധിപത്യത്തിന് സൈനികവും സാമ്പത്തികവും സാംസ്കാരികവുമായ തലങ്ങളുണ്ട് അമേരിക്കൻ ആധിപത്യത്തിന്റെ 3 വ്യത്യസ്ത വശങ്ങൾ വിശദീകരിക്കുക?**

| | |
|---|---|
| **Hegemony as Hard Power**<br><br>(Hard power implies dominance of super power on ground of Military Power) | • Superiority in Military Power<br>• Us military power is absolute and relative<br>• In absolute terms, the US today has military capabilities that can reach any point on the planet accurately, lethally and in real time.<br>• No other power today can remotely match them.<br>• The US capacity to conquer is formidable.<br>• The US capacity to deter and punish is self-evident.<br>• The US spends more on its military capability than the next 12 powers combined.<br>• The Lion's share of American budget for Defence – Research and Development<br>• The US maintaining a strong Spy works. |
| **Hegemony as Structural Power**<br><br>(Structural power implies the dominance of super power on grounds of Economic Power) | • US role in providing global public goods (SLOCs) , Internet<br>• Dominance of US Dollar<br>• US share in world trade<br>• Bretton Woods Systems: The world Bank, WTO, IMF are the products of US hegemony<br>• Eg: Academic degree MBA |
| **Hegemony as Soft Power**<br><br>**(**Soft power implies dominance of super power on ground Cultural Power**)** | • Ideological and Cultural dimension<br>• The US establishes its predominance through soft skills and cultural values**.**<br>• Capacity to **Manufacture Consent**<br>• **Eg: Blue Jeans** |

| | |
|---|---|
| കർക്കശാധികാരമെന്ന മേധാവിത്വം<br><br>അമേരിക്കയുടെ കരുത്തുറ്റ സൈനിക ശേഷിയാണിത്<br><br>(Hard Power) | • സുശക്തമായ സൈന്യം - അമേരിക്കയുടെ സൈനിക ശക്തി അപാരമാണ്.<br>• അമേരിക്കൻ സൈന്യത്തിന് ഭൂഗോളത്തിന്റെ ഏതു കോണിൽ വേണമെങ്കിലും കൃത്യമായി സംഹാരാത്മകമായി പ്രഹരം ഏൽപ്പിക്കാൻ കഴിയും.<br>• സൈനിക ശക്തി സമ്പൂർണ്ണവും ആപേക്ഷിക വുമാണ്. ലോകത്ത് എവിടെയും അമേരിക്കൻ സംരക്ഷണം നൽകാൻ അവർക്ക് കഴിയും.<br>• ബഡ്ജറ്റിന്റെ നല്ലൊരു ഭാഗം സൈനിക ചെലവാണ്.<br>• ലോകത്തിലെ വൻശക്തികളായ 12 രാജ്യങ്ങളുടെ സൈനിക ചെലവ്, അമേരിക്ക മാത്രം ഒരൊറ്റ കൊല്ലം ചെലവാക്കുന്നുണ്ട്.<br>• ഒരു രാജ്യത്തിനും അമേരിക്കയുടെ സാങ്കേതിക വൈഭവം സമീപകാലത്തൊന്നും കൈവരിക്കാൻ ആവില്ല.<br>• ശക്തമായ ചാര വ്യത്തിയും അമേരിക്കക്കുണ്ട്. |
| ഘടനാപരമായ ശക്തി എന്ന മേധാവിത്വം<br><br>അമേരിക്കയുടെ ശക്തമായ സാമ്പത്തിക അധികാരത്തെ ഇത് സൂചിപ്പിക്കുന്നു<br><br>(Structural Power) | • പൊതുവായി ആവശ്യമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിൽ അമേരിക്കയ്ക്ക് വലിയ പങ്കുണ്ട്.<br>• (SLOCs) , ഇന്റർനെറ്റ്<br>• അമേരിക്കൻ ഡോളറിന്റെ ആധിപത്യം നിലനിൽക്കുന്നു.<br>• ലോകവ്യാപാരത്തിലെ അമേരിക്കയുടെ പങ്ക് വളരെ കൂടുതലാണ്.<br>• ലോക സമ്പദ് വ്യവസ്ഥയിൽ അമേരിക്കക്കുള്ള പങ്ക് 28 % ആണ്.<br>• ലോകബാങ്ക്, അന്താരാഷ്ട്ര നാണയ നിധി, ലോകവ്യാപാര സംഘടന എന്നിവയിലെ ആധിപത്യം അമേരിക്കയെ കരുത്തരാക്കുന്നു3<br>• MBA ഡിഗ്രി അമേരിക്കയുടെ ഒരു കണ്ടെത്തലാണ്. |

| | |
|---|---|
| മൃദുലാധികാര ശക്തി എന്ന മേധാവിത്വം<br><br>അമേരിക്കയുടെ പ്രത്യശാസ്ത്രപരവും സാംസ്കാരികവുമായ ശക്തിയെ ഇത് സൂചിപ്പിക്കുന്നു<br><br>(Cultural Power) | • സാംസ്കാരിക ആധിപത്യം<br>• അമേരിക്കൻ സംസ്കാരമാണ് ഇന്ന് ഏറ്റവും വശീകരണ ശക്തിയുള്ളത്.<br>• സമ്മതിപ്പിക്കാനുള്ള ശേഷി - മേധാവിത്വത്തിന് അധീനപ്പെടുന്ന രാജ്യത്തിന്റെ സമ്മതം നേടിയെടുക്കാനുള്ള കഴിവ്.<br>• മേധാവിത്വ ശക്തി കുറഞ്ഞ രാജ്യങ്ങളുടെ പെരുമാറ്റത്തെ പ്രത്യശാസ്ത്രപരമായ വിഭവങ്ങൾ കൊണ്ടും മാറ്റിയെടുക്കാനുള്ള അമേരിക്കയുടെ ശേഷി ബലപ്രയോഗത്തേക്കാൾ പ്രേരണ കൊണ്ട് വശത്താക്കാനുള്ള ശേഷിയാണത്. |

25. Globalization is a multidimensional concept. Define Globalization and explain its political and cultural consequences?
**ആഗോളവൽക്കരണം ബഹുതല ധാരണകൾ ഉള്ള ഒരു ആശയമാണ്. ആഗോളവൽക്കരണത്തെ നിർവചിച്ച്, അത് വരുത്തിവെച്ച രാഷ്ട്രീയവും സാംസ്കാരികവുമായ പ്രത്യാഘാതങ്ങൾ വിശദമാക്കുക?**

**Globalization** denotes the ***integration of a country's economy with World economy***

**POLITICAL CONSEQUENCES**

**Positive Impact**

- Globalization sometime increases state capacity.
  Eg: E-governance

**Negative Consequences**

- Globalization erodes into the state capacity.
- Today the duties of the state seem to have shrunk to the minimum of keeping law & order. It does not perform welfare functions.
- Uncontrolled Multi-National Corporations.
- The old welfare state is now giving way to more minimalist state.
- The state withdrawn from many welfare functions.

## CULTURAL CONSEQUENCES

**Cultural Homogenization**

Globalization leads to Cultural Homogenization

**Dominance of western culture**

Globalization prompts each culture to dominate over the other.

**McDonaldisation**

Effects on values, preferences, goals, identities, social relationship etc.

ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ, ലോക സമ്പദ് വ്യവസ്ഥയുമായി സംയോജിപ്പിക്കുന്നതാണ് ആഗോളവൽക്കരണം.

## രാഷ്ട്രീയ പ്രത്യാഘാതങ്ങൾ

**Positive Impact:**

- **ആഗോളവൽക്കരണം** ചില സാഹചര്യങ്ങളിൽ രാഷ്ട്രത്തിന്റെ ശേഷി കൂടും.

  ഉദാ: ഇ-ഗവേണൻസ്

**Negative Impact:**

- **ആഗോളവൽക്കരണം** രാഷ്ട്രത്തിന്റെ ശേഷി കുറക്കുന്നു.
- ക്ഷേമ രാഷ്ട്രം എന്ന സങ്കല്പത്തിൽ നിന്നും രാഷ്ട്രം പിന്മാറുന്നു.
- രാഷ്ട്രം ക്രമസമാധാന പാലനം എന്നതിലേക്ക് മാത്രമായി ചുരുങ്ങും
- അനിയന്ത്രിതമായ ബഹുരാഷ്ട്ര കമ്പനികൾ.

**സാംസ്കാരിക പ്രത്യാഘാതങ്ങൾ**

- ഏകീകൃത സംസ്കാരത്തിന് കാരണമാവുന്നു
- സാംസ്കാരിക അധിനിവേശം
- **McDonaldisation**

26. The Chinese economy has undergone several transfromations. Identify the developmental strategy adopted by China?
ചൈനയുടെ സമ്പദ്ഘടന നിരവധി പരിവർത്തനങ്ങൾക്ക് വിധേയമായിട്ടുണ്ട് ചൈന സ്വീകരിച്ച വികസന തന്ത്രങ്ങൾ കണ്ടെത്തുക?

**FOUR MORDERNISATION - ZHOU EN LAI**

**4**

- MORDERNISATION IN AGRICULTURE
- MORDERNISATION IN INDUSTRY
- MODERNISATION IN SCIENCE & TECHNOLOGY
- MODERNISATION IN MILITARY

**OPEN DOOR POLICY - 1978**

Introduction of Market Economy, Privatization & Liberalization.
To generate higher productivity by investments of capital and technology. It broke stagnancy of command economy.

**DENG XIAO PING**

## CHINESE ECONOMY

- New policies of China have broken their economy from stagnancy.
- By 2040 China is expected to overtake the US as the world's largest economy.
- China proposed four area of modernization as agriculture, Industry, Science and Technology and Military by Zhou En Lai
- The creation of Special Economic Zones led to a phenomenal rise in foreign trade.
- Privatization of agriculture and industry in 1982 and 1998.
- China became the most important destination for Foreign Direct Investment anywhere in the world.
- China adopted an economic policy to deepen the integration with the world economy.

നാലു പരിഷ്കാരങ്ങൾ - ചൗ എൻ ലായ്

4

കൃഷി പരിഷ്കരിക്കൽ

വ്യവസായം പരിഷ്കരിക്കൽ

ശാസ്ത്ര - സാങ്കേതിക വിദ്യയിലെ പരിഷ്കാരം

സൈനിക പരിഷ്കാരം

**തുറന്ന വാതിൽ നയം – 1978**

കമ്പോള സമ്പദ് വ്യവസ്ഥ, സ്വകാര്യവൽക്കരണം,
ഉദാരവൽക്കരണം എന്നിവ ആരംഭിച്ചു

**ഡെങ് സിയാവോ പിംഗ്**

## ചൈനീസ് സമ്പദ് വ്യവസ്ഥ

- ചൈനയിൽ സാമ്പത്തിക നയപരിഷ്കാരം നടപ്പാക്കിയതിനുശേഷം ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥ ചൈനയുടേതാണ്.
- 2040 ആകുമ്പോഴേക്കും ചൈന അമേരിക്കയെ മറികടക്കാൻ സാധ്യതയുണ്ട്.
- ചൈന നയപരമായ ചില സുപ്രധാന തീരുമാനങ്ങൾ എടുത്തു ചൗ എൻ ലായ് നാലു പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചു ശാസ്ത്ര സാങ്കേതിക മേഖല സൈന്യം എന്നിവയിലാണ് പരിഷ്കാരം നടപ്പാക്കിയത്.
- ഡങ് സിയാവോ പിങ് ചൈനയിൽ തുറന്ന വാതിൽ നയം പ്രഖ്യാപിച്ചു.
- ചൈന പടിപടിയായി സമ്പത്ത് വ്യവസ്ഥയെ കമ്പോളത്തിന് തുറന്നു കൊടുത്തു.
- പ്രത്യേക സാമ്പത്തിക മേഖലകൾ ചൈനീസ് വ്യാപാരത്തിന് കരുത്തേകി.
- ചൈനീസ് സമ്പദ് വ്യവസ്ഥയെ അതിന്റെ സ്തംഭനാവസ്ഥയിൽ നിന്ന് മോചിപ്പിക്കുന്നതിന് പുതിയ നയങ്ങൾ സഹായിച്ചു.
- വിദേശ മൂലധന നിക്ഷേപം ചൈനയിലേക്ക് ഒഴുകി ചൈനയ്ക്ക് ഇപ്പോൾ വൻതോതിൽ വിദേശ നാണയ ശേഖരം ഉണ്ട്
- അതിനാൽ മറ്റു രാജ്യങ്ങളിൽ വൻതോതിൽ മൂലധന നിക്ഷേപം നടത്താൻ ചൈനക്ക് സാധിക്കുന്നു

**Answer any 2 questions from 27 to 29. Each carries 8 scores.**

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.**

27. 'The process of partition was very difficult to implement and its consequences was painful'. Based on the statements, explain the process of partition and its consequences?
**വിഭജനപ്രക്രിയ നടപ്പിലാക്കുക എന്നത് വളരെ പ്രയാസകരവും അതിന്റെ പ്രത്യാഘാതങ്ങൾ വേദനാജനകമായിരുന്നു ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിഭജനപ്രക്രിയയെ കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെ കുറിച്ചും വിശദീകരിക്കുക?**

### The process of partition faced different kinds of difficulties

Areas were supposed to be distributed on the basis of religious majority. No Belt of Muslim majority was found anywhere in British India. It created communal riots.

Not all Muslim majority areas wanted to be in Pakistan. It was opposed in North We astern Frontier Provinces.

Punjab & Bengal, two Muslim majority provinces had non-Muslim belt where the Hindus formed the majority.

The Unsolved problems of the minorities on both sides of the boarder. Lakhs of Hindus, Muslims and Sikhs were forced to leave the Country

## CONSEQUENCES OF PARTITION

Tragic transfer of population in the history.

Peoples forced to leave the country and became refugees

Lahore, Amritsar, Calcutta became Communal Zones

The agony and misery of the people fleeing across the boarder

Around 80 Lakhs of people were migrated.

10 Lakhs of people were ruthlessly killed

Indian economy bacame an Amputated Economy

Partition paved way for a demand of Sikh Nation.

Mahathma Gandhi

## ഇന്ത്യ പാകിസ്ഥാൻ വിഭജന പ്രക്രിയയിലെ പ്രതിസന്ധികൾ

ബ്രിട്ടീഷ് ഇന്ത്യയിൽ മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു മേഖലയുണ്ടായിരുന്നില്ല. മതവിഭാഗങ്ങളുടെ ഭൂരിപക്ഷം നോക്കിയായിരുന്നു പ്രദേശങ്ങളെ ഇന്ത്യക്കും പാകിസ്താനുമിടയിൽ വീതം

മുസ്ലീം ഭൂരിപക്ഷ മേഖലകൾ പാകിസ്ഥാനിൽ ചേരാൻ ആഗ്രഹിച്ചിരുന്നില്ല. വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ പാകിസ്ഥാനോടൊപ്പം ചേരാൻ മടിച്ചു.

ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ കേന്ദ്രങ്ങളായ പഞ്ചാബിലും ബംഗാളിലും മുസ്ലീങ്ങൾ അല്ലാത്തവർ ഭൂരിപക്ഷം വരുന്ന മേഖലകൾ ഉണ്ടായിരുന്നു.

അതിർത്തിയുടെ ഇരു ഭാഗത്തുമുണ്ടായിരുന്ന ന്യൂനപക്ഷങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കാൻ സാധിക്കാതെ വന്നത്. ലക്ഷക്കണക്കിന് ഹിന്ദു മുസ്ലിം സിഖ് ജനവിഭാഗങ്ങൾ അവരവരുടെ രാജ്യം വിടാൻ നിർബന്ധിതരായി.

## വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ

ദുരന്ത പൂർണ്ണമായ ജനതാ കൈമാറ്റം.

ചരിത്രത്തിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹം

ലാഹോർ, അമൃതസർ, കൊൽക്കത്ത എന്നിവ കമ്യൂണൽ സോണുകളായി.

അഭയാർത്ഥികൾ അക്രമത്തിന് ഇരയായി

ഏകദേശം 80 ലക്ഷം പേർ ഇരു രാജ്യങ്ങളിലേക്കുമായി കുടിയേറി.

പത്തു ലക്ഷത്തോളം ആളുകൾ കൊല്ലപ്പെട്ടു.

വിഭജനം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു.

സിഖ് രാഷ്ട്രം എന്ന വാദത്തിനു അടിത്തറ പാകി.

മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടു.

28. Discuss the background and causes which led to the declaration of emergency in India?

- Economic Context.
- Gujrat and Bihar Movements.
- Conflict with Judiciary.
- Judgment of Allahabad High Court

**ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലവും അതിനിടയാക്കിയ കാരണങ്ങളും വിശദമാക്കുക?**

- **സാമ്പത്തിക പശ്ചാത്തലം.**
- **ഗുജറാത്ത് ബീഹാർ പ്രസ്ഥാനങ്ങൾ.**
- **നീതിന്യായ വകുപ്പുമായുള്ള സംഘർഷം.**
- **അലഹബാദ് ഹൈക്കോടതി വിധി.**

## BACKGROUND TO EMERGENCY

| | |
|---|---|
| **Economic Context** | Bangladesh War led to Financial Crisis |
| | Oil price sky rocketed |
| | Industrial grown declined |
| | Unemployment increased |
| | Price rise of essential goods |
| | Everywhere in the country there was discomfort and dissatisfaction. |
| **Political Context** | Emergence of Indira Gandhi as towering leader |
| | Power politics become personalized |
| | Governmental authority was converted into personalization |
| | Bitter party competition |
| **Political Protests** | **Bihar Protests** – Jayaprakash Narayan led the movement- He Called for Total Revolution –Bihar movement assumed a political Character and national appeal - Bandh, gheraos, strikes were organized in protest |

| | |
|---|---|
| | **Gujrat Protests** – Morarji Desai declared that he would go on indefinite fast if fresh election were not held – Under pressure fresh election were held in Gujarat, Congress was thoroughly defeated. |
| | **Reason**: Protested against rising prices, inflation, food shortage, Unemployment and Corruption in high places |
| **Railway Strike** | The railway strike of 1974 was called by National Coordination Committee led by George Fernandez for pressing their demand related to bonus and service conditions, adding to the atmosphere of labour unrest in the country |
| **Conflict with the Judiciary** | The conflicts with the judiciary led to a crisis which culminated in the Kesavantha Bharati case – The Supreme Court made clear statement about the Basic structure of the constitution – Soon after the verdict in the Kesavanantha Bharati case there came a vacancy in the post of Chief Justice of India – **AN Ray** was appointed as Chief Justice of India overlooking the seniority of three Judges. |
| **Verdict of the Allahabad High Court** | The Allahabad High court declared Indira Gandhi's election to Lok sabha invalid. She was barred from contesting elections for six years. |
| **JP's Rally** | JP called for a nationwide sathyagraha for Indira Gandhi's resignation – He appealed to the people not to obay illegal nad immoral orders. He arranged a massive demonstration at Delhi Ramlila on 25 June 1975 |

| **Declaration of the Emergency** |
|---|
| On the recommendation of the Prime minister, the President Fakruddin Ali Ahamed imposed emergency under 352 article of the Constitution on 25 th June 1975 |

## അടിയന്തരാവസ്ഥയുടെ പശ്ചാത്തലം

| | |
|---|---|
| സാമ്പത്തിക പശ്ചാത്തലം | ബംഗ്ലാദേശ് യുദ്ധം സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി |
| | എണ്ണവില വർദ്ധനവ് |
| | വ്യാവസായിക മുരടിപ്പ് |
| | തൊഴിലില്ലായ്മ രൂക്ഷമായി |
| | ആവശ്യ സാധനങ്ങളുടെ വിലക്കയറ്റം |
| | നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ ഇന്ത്യയിലാകെ ജനങ്ങളിൽ അതൃപ്തി വളർന്നു |
| രാഷ്ട്രീയ സാഹചര്യം | കക്ഷിരാഷ്ട്രീയം ധ്രുവീകരിച്ചു |
| | കടുത്ത കക്ഷിരാഷ്ട്രീയ മത്സരം അക്കാലത്ത് ഉണ്ടായിരുന്നു |
| | ഇന്ദിരാഗാന്ധിയെന്ന ശക്തയായ പാർട്ടി നേതാവിന്റെ ഉദയം. |
| | രാഷ്ട്രീയം തീർത്തും വെക്ത്യാധിഷ്ഠിതമായി മാറി. ഗവൺമെന്റിന്റെ അധികാരം ഒരു വ്യക്തിയുടെ അധികാരപ്രയോഗമായി മാറി |
| രാഷ്ട്രീയ പ്രക്ഷോഭങ്ങൾ | ബീഹാർ പ്രക്ഷോഭം: ബീഹാർ പ്രക്ഷോഭത്തെ ജയപ്രകാശ് നാരായണൻ നയിച്ചു - അദ്ദേഹം സമ്പൂർണ്ണ വിപ്ലവത്തിന് ആഹ്വാനം ചെയ്തു - ബിഹാർ പ്രക്ഷോഭം ദേശീയ രാഷ്ട്രീയത്തിൽ തന്നെ വലിയ പ്രത്യാഘാതം ഉണ്ടാക്കി - ബന്ദ്, സമരങ്ങൾ, ഖരാവോ എന്നിവ പ്രക്ഷോഭത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. |
| | ഗുജ്റാത്ത് പ്രക്ഷോഭം: ഗുജറാത്തിൽ തെരഞ്ഞെടുപ്പ് നടത്തിയില്ലെങ്കിൽ മൊറാർജി ദേശായി അനിശ്ചിതകാല നിരാഹാരം അനുഷ്ഠിക്കുമെന്ന് മുന്നറിയിപ്പ് നൽകി - കടുത്ത സമ്മർദ്ദത്തിനൊടുവിൽ ഗുജറാത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു - ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പൂർണമായും പരാജയപ്പെട്ടു. |
| | വിലക്കയറ്റം, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ എന്നീ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നു ബിഹാർ, ഗുജ്റാത്ത് പ്രക്ഷോഭങ്ങൾ |
| റെയിൽവേ സമരം | റെയിൽവേ ജീവനക്കാരുടെ സമരസമിതികളുടെ നാഷണൽ കോഡിനേഷൻ കമ്മിറ്റി രാജ്യവ്യാപകമായ ഒരു പണിമുടക്കിന് ആഹ്വാനം നൽകി - ജോർജ്ജ് ഫെർണാണ്ടസ് ആയിരുന്നു നേതാവ് - ബോണസും സേവന വ്യവസ്ഥകളും സംബന്ധിച്ച ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം - ഗവൺമെന്റ് ഈ ആവശ്യങ്ങൾക്കെതിരായിരുന്നു |

| | |
|---|---|
| ജുഡീഷ്യറിയുമായുള്ള ഏറ്റുമുട്ടൽ | ഗവൺമെന്റ് ജുഡീഷ്യറിയും തമ്മിലുള്ള ബന്ധം ഇക്കാലത്ത് സംഘർഷനിർഭരമായി - ഗവൺമെന്റിന്റെ പല നടപടികളും ഭരണഘടന വിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചു - ഈ പ്രതിസന്ധി ചെന്ന് അവസാനിച്ചത് പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിലാണ് - ഭരണഘടനയ്ക്ക് ചില മൗലിക സ്വഭാവങ്ങൾ ഉണ്ടെന്നും അവ ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരമില്ലെന്നുമായിരുന്നു സുപ്രീംകോടതിയുടെ വിധി - 1973 മൂന്ന് ജഡ്ജിമാരുടെ സീനിയോറിറ്റി അവഗണിച്ചുകൊണ്ട് എ.എൻ റായിയെ ചീഫ് ജസ്റ്റിസ് ആയി നിയമിച്ചു. താഴെപ്പെട്ട 3 ജഡ്ജിമാരും ഗവൺമെന്റിനെതിരെ വിധി പ്രസ്താവിച്ച വരായിരുന്നു. |
| അലഹബാദ് ഹൈക്കോടതി വിധി | സോഷ്യലിസ്റ്റ് നേതാവായ രാജ്യ നാരായണൻ സമർപ്പിച്ച തെരഞ്ഞെടുപ്പ് ഹരജിയിൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദാക്കി - ഇന്ദിരാഗാന്ധി തന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് സർക്കാർ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു ഹൈക്കോടതി വിധി |
| ജെപിയുടെ റാലി | 1975 ജൂൺ 25ന് ഡൽഹിയിലെ രാംലീല ഗ്രൗണ്ടിൽ വച്ചൊരു വമ്പിച്ച പ്രകടനം സംഘടിപ്പിച്ചു - ഇന്ദിരാഗാന്ധിയുടെ രാജിക്ക് വേണ്ടി രാജ്യവ്യാപകമായ ഒരു സത്യാഗ്രഹ പരിപാടിക്ക് ജയപ്രകാശ് നാരായണൻ ആഹ്വാനം ചെയ്തു - ഗവൺമെന്റിന്റെ നിയമവിരുദ്ധവും അധാർമികവുമായ കൽപ്പനകൾ അനുസരിക്കരുതെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. |

| അടിയന്തരാവസ്ഥ പ്രഖ്യാപനം |
|---|
| 1975 ജൂൺ 25 ന് ഭരണ ഘടനയുടെ Art 352 പ്രകാരം രാഷ്ട്രപതി ഫക്രുദ്ധീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. |

29. Soviet Union, the second most powerful country in the world disintegrated in 1991. Analyse the various factors that led to the disintegration of USSR?

**ലോകത്തെ രണ്ടാമത്തെ ശക്ത രാജ്യമായിരുന്ന സോവിയറ്റ് യൂണിയൻ 1991 ആയപ്പോൾ തകരുകയുണ്ടായി യു എസ് എസ് ആറിന്റെ ശിഥിലീകരണത്തിന് ഇടയാക്കിയ ഘടകങ്ങൾ വിശകലനം ചെയ്യുക?**

## DISINTEGRATION OF SOVIET UNION - CAUSES

| | |
|---|---|
| **Economic Reasons (Economic Stagnancy)** | The Economy remained standstill for many years – Stagnant Economy |
| | Shortage of Consumer goods |
| | The USSR used the lion's share of its budget to build and maintain military and nuclear arsenal |
| | USSR concentrated on the development of the Satellite countries in Eastern Europe |
| | This led to a huge economic burden on the people |
| **Political & Administrative Causes** | Stagnant political Administration |
| | Rampant Corruption |
| | Centralized administration<br>Little Accountability to the people<br>Ordinary people exempted from privileges |
| | Absence of democracy – Ordinary people were abstained from political participation |
| | Communist party and Govt. not accountable to the people |
| | Political and Economic institution were failed to meet the aspirations of the people. |
| **Reforms of Gorbachev** | **Glasnost** (Openness)<br>To democratize the Soviet System |
| | **Perestroika** (Restructuring)<br>Economic reforms to keep the USSR abreast of the information and technological revolution. |
| | **Renunciation of Brezhnev's Doctrine** (Armed intervention where socialism was threatened) and the pursuit of arms control agreements |
| | Society divided into two sections towards Gorbachev's reforms |

| | |
|---|---|
| | a. Some sections of soviet society felt that Gorbachev should have much faster and were disappointed and impatient with him.<br>b. The members of the Communist party felt that their power and privileges were eroding and Gorbachev was moving too quickly.<br>In this tug of war, Gorbachev lost support on all sides and divided public opinion. |
| **Emergence of Nationalism** | The rise of nationalism and desire for sovereignty in the different republics of the Soviet Union also the reason for the disintegration (Estonia, Latvia, Lithuania, Ukraine & Georgia) |
| | People became more knowledgeable about the economic advancement of the Western countries. |
| **Emergence of Solidarity -Polish Trade Union-** | Polish workers organized **Solidarity**, an independent trade union of nearly 10 million members. Solidarity, which had strong support from the powerful Polish Catholic Church. |

## REFORMS OF GORBACHEV

**GLASNOST**
**(Openness)**

**PERESTROIKA**
**(Restructuring)**

## സോവിയറ്റ് യൂണിയന്റെ തകർച്ച - കാരണങ്ങൾ

| | |
|---|---|
| സാമ്പത്തിക കാരണം | സോവിയറ്റ് സമ്പദ് വ്യവസ്ഥ ദീർഘ കാലമായി സ്തംഭിച്ചു നില്കുകയായിരുന്നു |
| | ഉപഭോഗ വസ്തുകൾക്കെല്ലാം ക്ഷാമം ഉണ്ടാക്കി |

| | |
|---|---|
| | ഭാരിച്ച സൈനിക ചെലവ് സോവിയറ്റ് യൂണിയനെ കടക്കെണിയിലാക്കി |
| | സഖ്യരാഷ്ട്രങ്ങളുടെ വികസനത്തിനാണ് സോവിയറ്റ് യൂണിയൻ ശ്രദ്ധ നൽകിയത് |
| | ഈ സാമ്പത്തിക ബാധ്യതകൾ എല്ലാം സാധാരണ ജനങ്ങൾക്ക് മേൽ വന്നു |
| രാഷ്ട്രീയ കാരണങ്ങൾ | ഭരണപരമായ സ്തംഭനാവസ്ഥ |
| | വ്യാപകമായ അഴിമതി |
| | കേന്ദ്രീകരിച്ച ഭരണ സംവിധാനം - ഭരണകർത്താക്കൾക്ക് ജനങ്ങളോട് യാതൊരു പ്രതിബദ്ധതയും ഉണ്ടായിരുന്നില്ല. ജനങ്ങൾക്ക് ഭരണത്തിന്റെ യാതൊരു പ്രയോജനം ലഭിച്ചില്ല. |
| | ജനാധിപത്യത്തിന്റെ അഭാവം - സോവിയറ്റ് ഭരണത്തിൽ ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. |
| | ഗവൺമെന്റിനും ജനങ്ങളോട് യാതൊരു വിധേയത്വവും ഉണ്ടായിരുന്നില്ല. |
| | രാഷ്ട്രീയ സാമ്പത്തിക സ്ഥാപനങ്ങൾ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ സാധിക്കാത്തത് ജനങ്ങളുടെ നിരാശ വർദ്ധിപ്പിച്ചു. |
| ഗോർബച്ചേവിന്റെ ഭരണ പരിഷ്കാരങ്ങൾ | ഗ്ലാസ്നോസ്റ്റ് (Openness) - സോവിയറ്റ് രാഷ്ട്രീയ വ്യവസ്ഥ ജനാധിപത്യവൽക്കരിക്കുക. |
| | പെരിസ്ട്രോയ്ക (Restructuring) - സാമ്പത്തിക പരിഷ്കരണത്തിലൂടെ പാശ്ചാത്യ രാജ്യങ്ങളെപ്പോലെ സോവിയറ്റ് യൂണിയനെ വികസനത്തിന്റെ പാതയിലേക്ക് എത്തിക്കുക. |
| | ബ്രഷ്നേവിന്റെ സിദ്ധാന്തത്തെ എതിർക്കുകയും ആയുധപ്പന്തയത്തിനും വെല്ലുവിളികൾക്കും പകരം ആയുധ നിയന്ത്രണ കരാറുകളിൽ ഏർപ്പെടുകയും ചെയ്തു. |
| | ഗോർബച്ചേവിന്റെ പരിഷ്കാരങ്ങളോട് രണ്ടുതരത്തി ലുള്ള പ്രതികരണങ്ങളാണ് ഉണ്ടായത്.<br>1. ഗോർബച്ചേവ് കുറേകൂടി വേഗത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കേണ്ടതായിരുന്നുവെന്ന് സോവിയറ്റ് സമൂഹ ത്തിലെ ചില വിഭാഗങ്ങൾ കരുതി. ഗോർബച്ചേവിന്റെ മന്ദഗതി ജനങ്ങളെ നിരാശരാക്കി.<br>2. എന്നാൽ ഒരു വിഭാഗം ഇതിനു കടകവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചത്. ഗോർബച്ചേവ് അതിവേഗത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയതിനാൽ തങ്ങളുടെ അധികാരങ്ങളും ആനുകൂല്യങ്ങളും കൈമോശം വന്നതായി അവർ ആരോപിച്ചു. |

| | |
|---|---|
| | പരിഷ്കരണ വാദികളും മറ്റുള്ളവരും തമ്മിൽ നടന്ന വടംവലിയിൽ ഗർഭഛേ ഇരുപക്ഷത്തിന്റെയും പിന്തുണ നഷ്ടപ്പെട്ടു. |
| ദേശീയ ബോധം | സോവിയറ്റ് യൂണിയനിലെ വിവിധ റിപ്പബ്ലിക്കുകൾക്കിടയിൽ വളർന്നു വന്ന ദേശീയ ബോധവും പരമാധികാരത്തിനുള്ള ആഗ്രഹവും സോവിയറ്റ് യൂണിയന്റെ പതനത്തിന് കാരണമായി. |
| | റഷ്യ, എസ്തോണിയ ലാത്വിയ, ലിത്വാനിയ ഉക്രൈൻ ജോർജിയ തുടങ്ങിയ റിപ്പബ്ലിക്ക് കളിൽ എല്ലാം ഉയർന്നുവന്ന ദേശീയതയും പരമാധികാര ആഗ്രഹവും സോവിയറ്റ് യൂണിയന്റെ പതനത്തിന് കാരണമായി. |
| | പാശ്ചാത്യ രാജ്യങ്ങളുടെ സാമ്പത്തിക മുന്നേറ്റങ്ങളെ കുറിച്ച് വ്യക്തമായ ബോധ്യം സോവിയറ്റ് യൂണിയനിലെ ജനങ്ങൾക്ക് ഉണ്ടായിരുന്നു. |
| സോളിഡാരിറ്റിയുടെ ഉദയം | സോളിഡാരിറ്റി എന്ന തൊഴിലാളി സംഘടന പോളണ്ടിൽ രൂപീകരിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വലിയ തിരിച്ചടിയായി. സോളിഡാരിറ്റിയിൽ 10 മില്യൺ അംഗങ്ങൾ ചേർന്നു. കത്തോലിക്ക സഭയിൽ നിന്ന് ഉറച്ച പിന്തുണയും ലഭിച്ചു. |

## REFORMS OF GORBACHEV

**GLASSNOST**
**(Openness)**

**PERISTROIKA**
**(Restructuring)**


***Prepared By:***
**MUHAMMED RASAK**
GHSS ERANHIMANGAD